ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

**dtekerala@gmail.com**

**0471 2561307**

**<u>നടപടിക്രമം</u>**

വിദ്യാഭ്യാസം - സാങ്കേതികം - സമാശ്വാസ തൊഴിൽദാന പദ്ധതി - ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിലിരിക്കെ മരണമടഞ്ഞ ബഷീല ബീവിയുടെ മകനായ ശ്രീ.ഷമീർ .വൈ-യ്ക്ക് 26,500-60,700 രൂപ ശമ്പള നിരക്കിൽ ട്രേഡ്സ്മാൻ (ഇലക്ട്രിക്കൽ) തസ്തികയിൽ താൽക്കാലിക നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജീവനക്കാര്യം (ബി) വിഭാഗം**

**നം. DTETVM/6363/2024-EB3 (EB)** **തിരുവനന്തപുരം, തീയതി : 08-09-2024**

---

വായന :-

1. 06.02.2024 ലെ സർക്കാർ ഉത്തരവ് നമ്പർ സ.ഉ.(കൈ) നം.5/2024/LBR.
2. 05.03.1974-ലെ സർക്കാർ ഉത്തരവ് നമ്പർ.ജി.ഓ (പി)49/74/പി ഡി.
3. 18/07/1974-ലെ സർക്കാർ ഉത്തരവ് നമ്പർ.ജി.ഓ(എം എസ് ) 170/74/പി ഡി .
4. 24.05.1999-ലെ സർക്കാർ ഉത്തരവ് നമ്പർ.ജി.ഓ (പി) നം.12/99/പി&എആർഡി.
5. 18.11.1999-ലെ സർക്കാർ ഉത്തരവ് നമ്പർ.ജി.ഓ (പി) നം.24/99/പി&എആർഡി.
6. 05.07.2002-ലെ സർക്കാർ ഉത്തരവ് നമ്പർ.ജി.ഓ (പി) നം.37/2002//പി&എആർഡി.
7. 12.04.2010-ലെ സർക്കാർ ഉത്തരവ് നമ്പർ.ജി.ഓ (പി) നം.14/2010/ഫിൻ.
8. 07.01.2013-ലെ സർക്കാർ ഉത്തരവ് നമ്പർ.ജി.ഓ (പി) നം.20/2013/ഫിൻ.
9. 03.04.2013-ലെ സർക്കാർ ഉത്തരവ് നമ്പർ.ജി.ഓ(പി) നം.149/2013/ഫിൻ.
10. 15.11.2016-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഓ(പി)നം.171/2016/ഫിൻ.
11. 12.10.2012 ലെ സർക്കാർ ഉത്തരവ് നമ്പർ ജി ഓ (പി)

നം503/2012/ ഉന്നത വി വ.

12. 27/10/2023 ,18.12.2023 തീയതികളിലെ HEDN-L1/444/2023-HEDN നമ്പർ സർക്കാർ കത്തുകൾ.

## ഉത്തരവ്

വായന (1) സർക്കാർ ഉത്തരവ് പ്രകാരം, ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പിലെ നെടുമ്പന ഇ.എസ്.ഐ ഡിസ്പെൻസറിയിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ജോലി നോക്കി വരവെ മരണമടഞ്ഞ ബഷീല ബീവിയുടെ മകനായ ശ്രീ.ഷമീർ .വൈ-യ്ക്ക് 1958-ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പൊതുചട്ടം 3(സി)-യ്ക്കു വിധേയമായി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ഈ വകുപ്പിലെ ഒഴിവുള്ള ട്രേഡ്സ്മാൻ (ഇലക്ട്രിക്കൽ) വിഭാഗം തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവായിരുന്നു. അതിൻ പ്രകാരം, **ശ്രീ.ഷമീർ വൈ (ഷമീർ മൻസിൽ, വെളിച്ചിക്കാല പി.ഒ, കൊല്ലം 691573 ) -യെ** 1958-ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് റൂൾസ് റൂൾ 9 (എ) (ഐ)-യ്ക്കു വിധേയമായി ഈ വകുപ്പിലെ **ട്രേഡ്സ്മാൻ (ഇലക്ട്രിക്കൽ)** തസ്തികയിൽ **26,500- 60,700 രൂപ** ശമ്പള നിരക്കിൽ താൽക്കാലികമായി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു. പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം, ഉദ്യോഗാർത്ഥിയുടെ സ്വഭാവവും പൂർവ്വചരിത്രവും തൃപ്തികരമല്ലായെന്ന് സർക്കാർ കാണുന്ന പക്ഷം ടി താൽക്കാലിക നിയമനം അറിയിപ്പ് കൂടാതെ റദ്ദ് ചെയ്യപ്പെടുന്നതായിരിക്കും. സ്വഭാവവും പൂർവ്വചരിത്രവും തൃപ്തികരമാണെന്ന് പരിശോധനയിൽ തെളിയുന്ന മുറയക്ക് മാത്രമേ ടിയാൻ ക്രമവൽക്കൃത നിയമനത്തിന് അർഹത നേടുകയുള്ളൂ. ടിയാന്റെ നിയമനം സംബന്ധിച്ച വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേരും മേൽവിലാസവും | നിയമനം ലഭിച്ചിരിക്കുന്ന സ്ഥാപനം |
|---|---|---|
| 1 | ശ്രീ. ഷമീർ വൈ<br>ഷമീർ മൻസിൽ<br>വെളിച്ചിക്കാല പി.ഒ, കൊല്ലം<br>691573 | ടെക്നിക്കൽ ഹൈസ്കൂൾ<br>എഴുകോൺ<br>(തുറന്ന ഒഴിവ്) |

2 . **ശ്രീ. ഷമീർ വൈ,** ടി **ഉത്തരവ് കൈപ്പറ്റി 14 ദിവസത്തിനകം** മേൽ സൂചിപ്പിച്ചിരിക്കുന്ന സ്ഥാപന മേധാവി മുൻപാകെ വിദ്യാഭ്യാസ യോഗ്യത, ജനനതീയ്യതി,ജാതി/സമുദായം എന്നിവ തെളിയിക്കുന്ന അസ്സൽ രേഖകൾ, അസിസ്റ്റൻറ് സർജനിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകുന്ന മെഡിക്കൽ-ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റിൽ തൻറെ വിരലടയാളം രേഖപ്പെടുത്തി

സാക്ഷ്യപ്പെടുത്തിയ ഫോട്ടോ എന്നിവ സഹിതം ജോലിക്ക് ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം മറ്റൊരു അറിയിപ്പ് കൂടാതെ ടിയാൻറെ നിയമന ഉത്തരവ് റദ്ദ് ചെയ്യപ്പെടുന്നതായിരിക്കും.

3. സ്ഥാപന മേധാവി, **ശ്രീ. ഷമീർ വൈ-**യുടെ വിദ്യാഭ്യാസ യോഗ്യത, ജനനതീയതി, ജാതി/സമുദായം മുതലായവ ഉത്തരവിനോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന സർക്കാർ ഉത്തരവുമായി ഒത്ത് നോക്കി ശരിയെന്ന് ഉറപ്പ് വരുത്തേണ്ടതും, ടിയാൻ ജോലിയിൽ പ്രവേശിക്കുന്ന വിവരം ഈ കാര്യാലയത്തെ യഥാസമയം അറിയിക്കേണ്ടതുമാണ്.

4. ടിയാൻ വസ്തുതകൾ മറച്ചുവയ്ക്കുകയോ,തെറ്റായ വിവരങ്ങൾ നൽകുകയോ ചെയ്താണ് നിയമനം നേടിയതെന്ന് ഭാവിയിൽ സർക്കാരിനോ നിയമനാധികാരിക്കോ ബോധ്യപ്പെട്ടാൽ ടി നിയമനം റദ്ദ് ചെയ്യുവാനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമായിരിക്കും.

5. സ്ഥാപന മേധാവി, ടിയാൻറെ സേവനപുസ്തകത്തിലും, സ്ഥാപനത്തിൽ സൂക്ഷിച്ചിരിക്കുന്ന എസ്റ്റാബ്ലിഷ്മെൻറ് രജിസ്റ്ററിലും നിയമനം സംബന്ധിച്ച് വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. സർക്കാർ ഉത്തരവിൻറെ ഒരു പകർപ്പ് ടിയാളുടെ സേവനപുസ്തകത്തിൽ യഥാക്രമം പതിപ്പിച്ച് ചേർക്കേണ്ടതാണ്.

6. ബന്ധപ്പെട്ട സ്ഥാപന മേധാവി ടിയാനെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് മുൻപായി ഉദ്യോഗാർത്ഥിയിൽ നിന്നും പരാമർശം (3) സർക്കാർ ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന തരത്തിലുള്ള സ്വാഭാവവും പൂർവ്വ ചരിത്രവും പരിശോധിക്കുന്നതിന് (പോലീസ് വെരിഫിക്കേഷൻ) ആവശ്യമായ സാക്ഷ്യപ്പത്ര ഫോറം പൂരിപ്പിച്ച് വാങ്ങേണ്ടതും ആയത് ഈ ഓഫീസിലേക്ക് അയച്ച് തരേണ്ടതുമാണ്.

7 . **ശ്രീ. ഷമീർ വൈ**, ഒരു ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തി നൽകുന്ന തിരിച്ചറിയൽ പത്രിക (ഫോട്ടോയും ഒപ്പും സഹിതമുള്ള) ജോലിയിൽ പ്രവേശിക്കുന്ന സമയത്ത് സ്ഥാപനമേധാവി മുൻപാകെ ഹാജരാക്കേണ്ടതാണ്. ഇത്തരത്തിൽ ടിയാൻ ഹാജരാക്കുന്ന തിരിച്ചറിയൽ പത്രിക സ്ഥാപനമേധാവി പരിശോധിച്ച് ശരിയെന്ന് ബോധ്യപ്പെടുത്തേണ്ടതും, ടി രേഖ മേലൊപ്പ് ചാർത്തുന്നതിലേക്കായി ഈ കാര്യാലയത്തിലേക്ക് അയച്ച് തരേണ്ടതുമാണ്.

8. പരാമർശം (8) (9) സർക്കാർ ഉത്തരവിലെ സേവന വ്യവസ്ഥകൾക്ക് വിധേയമായിട്ടായിരിക്കും ടിയാൻറെ നിയമനം.

9. പരാമർശം (10) സർക്കാർ ഉത്തരവ് പ്രകാരം, സ്ഥാപന മേധാവി ടി യാനെ സേവനത്തിൽ പ്രവേശിപ്പിക്കുന്ന സമയത്ത് ടിയാൻറെ പേരിലുള്ള സ്ഥാവര-ജംഗമ വസ്തുക്കളെ കുറിച്ചുള്ള വിവരം നിശ്ചിത പ്രൊഫോർമയിൽ രേഖപ്പെടുത്തി വാങ്ങേണ്ടതും, ആയത് സേവനപുസ്തകത്തിൽ ഉൾപ്പെടുത്തി

സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

**SHALIJ P R**
**DIRECTOR**

സ്വീകർത്താവ്,

1 . ശ്രീ. ഷമീർ വൈ, S/o ബഷീല ബീവി (late) , ഷമീർ മൻസിൽ, വെളിച്ചിക്കാല പി.ഒ, കൊല്ലം 691573 (രജിസ്റ്റേർഡ് തപാൽ എ.ഡി കാർഡ് സഹിതം)
2. സൂപ്രണ്ട്, ടെക്നിക്കൽ ഹൈസ്കൂൾ, എഴുകോൺ, കൊല്ലം (രജിസ്റ്റേർഡ് തപാൽ)
3.ഇജി സെക്ഷൻ
4.കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

Signed by
Shalij P R
Date: 08-09-2024 22:21:58